# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **2265**     **09.03.2018** -ന് മറുപടിയ്ക്ക്

## പ്രീ മെട്രിക് സ്കോളർഷിപ്പ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ടി. തോമസ് :** | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) നടപ്പ് സാമ്പത്തിക വർഷത്തിൽ പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പിന് വേണ്ടി എത്ര തുക വകയിരുത്തിയിരുന്നു ; ഇതിൽ ഇതുവരെ എത്ര തുക ചെലവഴിക്കാൻ സാധിച്ചു ; | (എ) 2017-18 സാമ്പത്തിക വർഷം ഒ.ഇ.സി. പ്രീമെട്രിക് സ്കോളർഷിപ്പിനായി പ്ലാൻ ശീർഷകത്തിൽ 5 കോടി രൂപയും, നോൺ പ്ലാൻ ശീർഷകത്തിൽ 12.65 കോടി രൂപയും വകയിരുത്തിയിരുന്നു. ടി തുക മുഴുവനായും ഒ.ഇ.സി. വിഭാഗങ്ങൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പിനായി ചെലവഴിച്ചിട്ടുണ്ട്.<br><br>50% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പിന് 2017-18 വർഷം ബഡ്ജറ്റിൽ 25 കോടി സംസ്ഥാനം 25 കോടി കേന്ദ്രവിഹിതം എന്ന നിലയിൽ 50 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ കേന്ദ്ര വിഹിതമായി 3.65 കോടി രൂപ മാത്രമാണ് ലഭിച്ചത്. സംസ്ഥാന വിഹിതമായ 25 കോടി രൂപ മുഴുവനായും അനുവദിച്ചു. ഈ ഇനത്തിൽ 28.02.2018 വരെ ആകെ 27.73 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) ഈ കാലയളവിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ? | (ബി) 28.02.2018 വരെ 2,09,668 വിദ്യാർത്ഥികൾക്ക് ഒ.ഇ.സി പ്രീമെട്രിക് സ്കോളർഷിപ്പും, 3,31,551 വിദ്യാർത്ഥികൾക്കായി ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പും അനുവദിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ